അതിരുകൾ	-	വടക്ക് - വെള്ളാങ്ങല്ലൂർ, വേളൂക്കര പഞ്ചായത്തുകൾ കിഴക്ക് - വേളൂക്കര, മാള പഞ്ചായത്തുകൾ തെക്ക് - പൊയ്യ പഞ്ചായത്ത് പടിഞ്ഞാറ് - വെള്ളാങ്ങല്ലൂർ പഞ്ചായത്തും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയും
ജനസംഖ്യ	-	21,416
പുരുഷൻമാർ	-	9,815
സ്ത്രീ	-	11,601
സാക്ഷരത	-	94.49%
പട്ടികജാതി ജനസംഖ്യ	-	1,475
ആകെ വീടുകൾ	-	10,203
വെറ്ററിനറി ഡിസ്പെൻസറി	-	1
ഐ.സി.ഡി.പി. സെന്റർ	-	1
റേഷൻ ഷോപ്പ്	-	9
യു.പി. സ്കൂൾ	-	2
എൽ.പി. സ്കൂൾ	-	6
ഗവ. ഹൈസ്കൂൾ, +2, വി.എച്ച്.എസ്.ഇ.	-	1 വീതം
പട്ടികജാതി നഴ്സറി സ്കൂൾ	-	1
അങ്കണവാടികൾ	-	19
പട്ടികജാതി കോളനികൾ	-	12
ബ്ലോക്ക് പഞ്ചായത്ത്	-	വെള്ളാങ്ങല്ലൂർ
താലൂക്ക്	-	മുകുന്ദപുരം
നിയമസഭാ മണ്ഡലം	-	കൊടുങ്ങല്ലൂർ
ലോകസഭാ മണ്ഡലം	-	ചാലക്കുടി

അദ്ധ്യായം : 1

പഞ്ചായത്തിന്റെ വികസന സ്ഥിതി ആസൂത്രണം

22.29 ച.കി.മീ വിസ്തീർണ്ണമുള്ള പുത്തൻചിറ പഞ്ചായത്ത് വടക്ക് തെക്കായി മൂന്ന് വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുകയാണ്. പശ്ചിമഘട്ടത്തിലെ കോടശ്ശേരി മലയിൽ നിന്നും കേവലം 16 കി.മീ മാത്രം പടിഞ്ഞാറോട്ട് മാറിയുള്ള കുഴിക്കാട്ടുശേരി മുതൽ തെക്ക് പടിഞ്ഞാറേ ദിശയിൽ അറബിക്കടലിൽ നിന്നും 6 കിലോമീറ്റർ മാറിയുള്ള പൊയ്യ പരപ്പ് കായൽ വരെ 16 കി.മീ വ്യാപിച്ച് കിടക്കുകയാണ് ഈ പ്രദേശം.

ചെറുതും വലുതുമായ 15 കുന്നുകളും അവയുടെ ചെരിവുകളും കുന്നുകൾക്കിടയിലുള്ള 17 പാടശേഖരങ്ങളും സമതലങ്ങളും ചതുപ്പുനിലങ്ങളും വെള്ളത്താൽ ചുറ്റപ്പെട്ട 6 തുരുത്തുകളും ഉൾപ്പെടെ 5520.16 ഏക്കർ ഭൂതല വിസ്തീർണ്ണമാണ്. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തായി കാണുന്ന കൽക്കാടുകളും അങ്ങിങ്ങായി കാണുന്ന കാവുകളും, ശോഷണം സംഭവിച്ചിട്ടുങ്കിലും നിലനിൽക്കുന്ന കുന്നുകളും സവിശേഷതയായി എടുത്തു പറയേതാണ്. കരഭൂമിയുടെ വിസ്തൃതി ഇങ്ങനെയാണ്.

പ്രദേശങ്ങൾ	വിസ്തൃതി	ശതമാനം
ഉയർന്ന പ്രദേശം (കുന്നുകൾ)	438.93	19.69
ചരിവുകൾ	658.20	29.52
താഴ്വര/സമതലം/പാടങ്ങൾ	621.95	27.90
ചതുപ്പുകൾ	483.00	21.66
തുരുത്തുകൾ	26.92	1.20
ആകെ	**2,229.00**	**100.00**

ചെറുതും വലുതുമായ കുന്നുകളും, അവയുടെ ചരിവുകളും, കുന്നുകൾക്കിടയിൽ ആയി 17 പാടശേഖരങ്ങളും, സമതലങ്ങളും, ചതുപ്പുനിലങ്ങളും, വെള്ളത്താൽ ചുറ്റപ്പെട്ട ആറു തുരുത്തുകളും ചേർന്നതാണ് നമ്മുടെ കരഭൂമി.

കുന്നുകൾ

19.69% വരുന്ന കുന്നിൻമുകളിലെ തലങ്ങളിൽ ജലക്ഷാമം രൂക്ഷമാണെങ്കിലും, പുമുതൽക്കു തന്നെ ഇവിടെ ജനവാസമു്. ഏറ്റവും ഉയർന്ന തലത്തിലുള്ള പ്രൊജക്ട് കുന്ന്, സമുദ്രനിരപ്പിൽ നിന്ന് 260 അടി ഉയരത്തിലാണ്. മുട്ടിക്കൽകുന്ന്, ചെട്ടിക്കുന്ന്, പിാണിക്കുന്ന്, പറയൻകുന്ന്, പള്ളിക്കുന്ന്, പുളിയിലക്കുന്ന്, കണ്ണികുളങ്ങരക്കുന്ന്, മതിയത്തുകുന്ന്, പൊരുമ്പക്കുന്ന്, കട്ടിയാംകുന്ന്, ഹൈസ്കൂൾ ജംഗ്ഷൻ എന്നീ പ്രദേശങ്ങൾ ആണ് ഈ കൂട്ടത്തിൽപ്പെടുന്ന മറ്റു പ്രദേശങ്ങൾ. കശുമാവ് കൃഷിക്ക് അനുയോജ്യമായ ഈ

പ്രദേശങ്ങളിൽ ഇപ്പോൾ കശുമാവുകൾ താരതമ്യേന കുറവാണ്. തെങ്ങ്, കവുങ്ങ്, മറ്റ് ഫലവൃക്ഷങ്ങൾ എന്നിവയാണ് ഇപ്പോൾ കൃഷി ചെയ്യപ്പെടുന്നത്. ചരൽ കലർന്ന ചെമ്മണ്ണും വെട്ടുകല്ലുകളുമാണ് ഇവിടുത്തെ മണ്ണിന്റെ പ്രകൃതി.

ചരിവുകൾ

കുന്നുകളുടെ ചരിവുകളായ ഈ പ്രദേശങ്ങൾ മൊത്തം വിസ്തൃതിയുടെ 29.5% വരും. കൊമ്പത്തുകടവ് കോളനി ബ്ലോക്ക് കുന്ന്, പിാണിക്കുന്ന്, പറയൻകുന്ന്, പള്ളിക്കുന്ന്, പുളിയിലക്കുന്ന്, കണ്ണികുളങ്ങരക്കുന്ന്, മതിയത്തുകുന്ന് എന്നിവയുടെ പാർശ്വഭാഗങ്ങൾ താരതമ്യേന കൂടുതൽ ചരിവുള്ളതാണ്. ചെമ്മണ്ണാണ് ഇവിടെ കു വരുന്നത്. തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, മാവ്, പ്ലാവ്, തുടങ്ങിയവ കൂടാതെ വാഴകൃഷിയും നടത്തി വരുന്നു. മണ്ണിന്റെ ഫലപുഷ്ടിയെ ബാധിക്കുന്ന തരത്തിലുള്ള മണ്ണൊലിപ്പാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ വെല്ലുവിളി. വൻതോതിൽ നടന്നുവന്ന മണ്ണെടുപ്പ് സമതലങ്ങളുടെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിച്ചു. മണ്ണൊലിപ്പ് തടയുന്നതിന് വേ നടപടികൾ സ്വീകരിക്കേതായിട്ടു്.

താഴ്വര

കുന്നുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൊത്തം വിസ്തൃതിയുടെ 23.32% വരുന്ന ഭൂഭാഗങ്ങളുടെ 91.67% പാടശേഖരങ്ങളാണ്. ഇതിൽ 160 ഹെക്ടർ വിസ്തീർണ്ണമുള്ള കുറുങ്ങാംപാടവും ഉൾപ്പെടെ 17 പാടശേഖരങ്ങളാണ് ഉള്ളത്. സമുദ്രനിരപ്പിൽ നിന്നും 5-10 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളാണ് ഇവ. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിയിറക്കുന്നത്. നല്ല ഫലപുഷ്ടമായ പാടശേഖരമാണ് ഇവ. കുറുങ്ങാംപാടം, മാണിയംകാവ് പാടം, കോട്ടക്കൽ പാടം, തൃപ്പേക്കുളം പാടം, പട്ടേപ്പാടം, പുന്നേലിപ്പാടം തുടങ്ങിയ പാടശേഖരങ്ങളിൽ മണൽ കൂടുതലുള്ള മണ്ണാണ്. പുഞ്ചപ്പാടം, കല്ലാർകുളങ്ങര, വിലമംഗലം പാടശേഖരങ്ങളിൽ ചെളിക്കൂട്ടുള്ള മണ്ണാണ്. പുഞ്ചപ്പാടത്ത് വെള്ളം പമ്പ് ചെയ്ത് ആഴമുള്ള തോട്ടിലേക്ക് ഒഴുക്കിയാണ് കൃഷിയിറക്കുന്നത്. എങ്കിലും, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ജലക്ഷാമം മൂലം കൃഷി ഉണങ്ങി നാശം സംഭവിക്കുന്നതും സാധാരണയാണ്. കര പാടശേഖരങ്ങളിലെ കൃഷിയുടെ സ്വഭാവമനുസരിച്ച് പുഞ്ചപ്പാടത്ത് അധികമുള്ള ജലം ഉപയോഗിച്ചാൽ അവിടത്തെ കൃഷി നാശം ഒഴിവാക്കാൻ സാധിക്കും.

ചതുപ്പുനിലങ്ങൾ

മൊത്തം വിസ്തൃതിയുടെ 21.66% വരുന്ന പ്രദേശങ്ങളിൽ പൊക്കാളി കൃഷിയും അനുബന്ധമായി ചെമ്മീൻ കൃഷിയുമാണ് നടത്തുന്നത്. ഇതിൽ പകുതിയോളം ഭാഗം ചെമ്മീൻ കൃഷിക്ക് മാത്രമാണ് നീക്കി വച്ചിരിക്കുന്നത്. ചെളി കലർന്ന കരിനിലങ്ങളാണ് ഈ പ്രദേശങ്ങൾ. മൊത്തം വിസ്തൃതിയുടെ 21.66 ശതമാനം വരുന്ന ചതുപ്പുനിലം മത്സ്യ സമ്പത്തിന്റെ ഉറവിടമാണ് എന്ന സവിശേഷതയും ഉ്.

തുരുത്തുകൾ

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പ്രദേശങ്ങൾ ഫലഭൂയിഷ്ട പ്രദേശമാണ്. ചെറുതും വലുതുമായി 7 തുരുത്തുകൾ ഉ്. ഇവ മൊത്തം വിസ്തൃതിയുടെ 1.2% വരും. ഏറ്റവും വലിപ്പമുള്ള പുലയൻ തുരുത്തിന് 24 ഏക്കർ വിസ്തീർണ്ണമുള്ള സമുദ്രനിരപ്പിൾനിന്ന് 15 മീറ്റർ ഉയരമുള്ള ഈ പ്രദേശത്തിന് ചുറ്റും ഉപ്പ് വെള്ളമാണെങ്കിലും കിണറുകളിൽ ശുദ്ധജലമാണ് ലഭിക്കുന്നത്. മുഖ്യ വിളയായി തെങ്ങും, അനുബന്ധ വിളകളായി കവുങ്ങും മറ്റ് വൃക്ഷങ്ങളും കാണപ്പെടുന്നു. പരമ്പരാഗത രീതീയിലുള്ള വളപ്രയോഗം നടത്തി വരുന്ന ഇവിടെ തെങ്ങിന് രോഗം ബാധിക്കാറില്ല എന്ന സവിശേഷത കൂടിയു്. 8 ഏക്കർ വിസ്തീർണ്ണമുള്ള ചെകുത്താൻ തുരുത്ത്, പൊട്ടൻ തുരുത്ത്, പേന്തുരുത്ത് എന്നിവിടങ്ങളിൽ ആൾത്താമസമു്. കടുങ്ങാ തുരുത്ത്, കട്ട്യാതുരുത്ത് എന്നിവ ആൾത്താമസമില്ലാത്ത തുരുത്താണ്.

കാലാവസ്ഥ

കേരളത്തിൽ പൊതുവെ അനുഭവപ്പെടുന്ന കൃഷിക്കനുകൂലമായ കാലാവസ്ഥയാണ് പുത്തൻചിറയിലുള്ളത്. അന്തരീക്ഷ താപനില ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് മാർച്ച് മാസത്തിലും ഏറ്റവും കുറവ് അനുഭവപ്പെടുന്നത് ജൂൺ, ഡിസംബർ മാസത്തിലും ആണ്. ഒരു വർഷം ലഭിക്കുന്ന മഴയുടെ അളവ് ശരാശരി 3130 മി.മീ ആണ്. ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കുന്നത്(197 മി.മീ). കാലവർഷത്തിൽ ലഭിക്കുന്ന വെള്ളം ശരിയാംവണ്ണം സംഭരിച്ച് ഉപയോഗിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്ത് ജലസമൃദ്ധമായ ഒരു പഞ്ചായത്ത് ആയി മാറും. ജൂൺ, ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലും. ധാരാളം ചതുപ്പുനിലങ്ങളും, തോടുകളും, കുളങ്ങളും, കിണറുകളും ഉായിരുന്നിട്ടും കടുത്ത വേനലിൽ കുടിവെള്ളത്തിന് വേി മറ്റ് സംവിധാനങ്ങളെ ആശ്രയിക്കേതായി വരുന്നു. ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കുകയും വർഷക്കാലത്ത് പരമാവധി ജലം ഒഴുക്കിക്കളയുകയും ചെയ്യുന്നു. മഴ കൂടുതൽ ലഭിക്കുന്നുങ്കെിൽകൂടിയും ചരിഞ്ഞ ഭൂപ്രകൃതിയായതിനാൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പാഴായിപ്പോകുന്നു. തൻമൂലം മഴക്കാലത്തിന്റെ അവസാനത്തോടുകൂടി തന്നെ കിണറുകളിലെയും കുളത്തിലെയും ജലവിതാനം അസാധാരണമാം വിധം താഴുകയും വേനൽക്കാലത്തിന്റെ ആരംഭത്തോടൊപ്പം തന്നെ വയലേലകളിലും കരപ്രദേശങ്ങളിലും മണ്ണിന് വരൾച്ച അനുഭവപ്പെടുകയും ചെയ്യുന്നു. കൂടാതെ ഉറവ ജലത്തിന്റെ അളവിൽ ആശങ്കാജനകമായ രീതിയിൽ കുറവ് അനുഭവപ്പെടുന്നു.

മണ്ണ്

പുത്തൻചിറ പഞ്ചായത്തിലെ മണ്ണിനങ്ങൾ പൊതുവെ അഞ്ചായി തിരിക്കാം.

	വിസ്തൃതി	ശതമാനം
ചരൽ കലർന്ന ചെമ്മണ്ണ്, വെട്ടുകല്ല്	603.40	27.07
ചെമ്മണ്ണ്	493.71	22.14
കളിമണ്ണ്	48.00	2.15
മണൽ കലർന്ന ചെളി	259.87	11.65
കറുത്ത ചെളിമണ്ണ്	824.00	36.96

ഉയർന്ന സമതലങ്ങളിലും ചെരിവ് പ്രദേശങ്ങളിലും 25 ശതമാനം ഭാഗങ്ങളിലും ചരൽ കലർന്ന ചെമ്മണ്ണ് വെട്ടുകല്ല് മണ്ണ് കു വരുന്നു. സാമാന്യം ഫലഭൂയിഷ്ടമായ ഈ മണ്ണ് കശുമാവ് കൃഷിക്കും തെങ്ങ്, കവുങ്ങ് തുടങ്ങി തോട്ടവിളകൾക്കും പറ്റിയതാണ്. കൂടാതെ വെള്ളം ലഭ്യമായാൽ പൂകൃഷി വികസന സാധ്യതകളും ഉ്. ചെരിവ് പ്രദേശങ്ങളിൽ കൂടുതലായി കുവരുന്നത് ചെമ്മണ്ണാണ്. മണ്ണൊലിപ്പ് മൂലം ഫലപുഷ്ടി നഷ്ടപ്പെട്ടുകൊിരിക്കുന്ന ഈ മണ്ണ് തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, പ്ലാവ്, മാവ് മുതലായ കൃഷികൾക്ക് പറ്റിയതാണ്.

പുത്തൻചിറയുടെ കിഴക്ക് പ്രദേശങ്ങളിൽ ചില പാടശേഖരങ്ങളിലായി കളിമണ്ണ് കുവരുന്നു്. താഴ്വര പ്രദേശങ്ങളിൽ മണൽ കലർന്ന ചെളിമണ്ണും കാണപ്പെടുന്നു. പൊക്കാളികൃഷിക്ക് അനുയോജ്യമായ കറുത്ത ചെളിമണ്ണ് പുഞ്ചപ്പാടങ്ങളിലും ചതുപ്പ് നിലങ്ങളിലും കാണപ്പെടുന്നു.

മനുഷ്യ വിഭവങ്ങൾ

2011 കാനേഷുകുമാരി കണക്കുകൾ പ്രകാരം പുത്തൻചിറയിലെ ജനസംഖ്യ 21416 ആണ്. മൊത്തം ജനസംഖ്യയുടെ 19.5 ശതമാനം 15 വയസ്സിന് താഴെയുള്ളവരാണ്. ഇതിൽ 9,815 പുരുഷൻമാരും 11,601 സ്ത്രീകളുമാണ്. വിദ്യാസമ്പന്നരും ആരോഗ്യമുള്ള വലിയൊരു ശതമാനം യുവാക്കൾ നമ്മുടെ വലിയൊരു മുതൽക്കൂട്ടാണ്.

ജനസംഖ്യയുടെ 64 ശതമാനം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണ്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 4.1 ശതമാനം മാത്രമേ ഉള്ളു. വ്യവസായ സ്ഥാപനങ്ങൾ കുറവായതിനാൽ ഈ മേഖലയിൽ പണിയെടുക്കുന്നവർ വളരെ കുറവാണ്. കെട്ടിട നിർമ്മാണം, മണ്ണ് പണി തുടങ്ങിയ മേഖലയിലാണ് തൊഴിലാളികൾ അധികവും ഉള്ളത്. സമ്പത്തിന്റെ വലിയൊരു ശതമാനവും വിദേശത്ത് ജോലി ചെയ്യുന്നവരുടേതാണ്. സാമ്പത്തികമായി ഏറ്റക്കുറച്ചിലുകൾ ഉങ്കിലും എല്ലാ വിഭാഗം ജനങ്ങളും സാമൂഹ്യമായി വളരെയധികം മുമ്പിലാണ്. ഏകദേശം 35 ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. എല്ലാ ജാതി മതവിഭാഗങ്ങളിലും പെടുന്ന ജനങ്ങൾ ഇടകലർന്ന് വളരെ ഐക്യത്തോടെ ജീവിക്കുന്ന സ്ഥിതിയാണ് പഞ്ചായത്തിൽ ഉള്ളത്.

വികസനമേഖല അവലോകനം

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെല്ല്, തെങ്ങ്, കവുങ്ങ് മുതലായവയാണ് മുഖ്യമായും കൃഷി ചെയ്തു വരുന്നത്. കശുമാവ്, കുരുമുളക്, മരച്ചീനി, വാഴ, പയർ, പച്ചക്കറി മുതലായവയും കൃഷി ചെയ്തു വരുന്നു. മൊത്തം വിസ്തൃതിയുടെ 76.35 ശതമാനം മണ്ണും നെല്ല്, കവുങ്ങ് കൃഷിക്കായി ഉപയോഗിക്കുന്നു. കന്നുകാലി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ എന്നീ മേഖലയിൽ നിരവധി കുടുംബങ്ങൾ ജീവനോപാധിയായി കരുതുന്നു. ഒട്ടനവധി കുടുംബങ്ങൾ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. മത്സ്യ ക്ലബ്ബിന്റെ പ്രവർത്തനം നന്നായി നടക്കുന്നു. എങ്കിലും പാൽ, മുട്ട, മാംസം എന്നിവയ്ക്ക് ഇപ്പോഴും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേി വരുന്ന അവസ്ഥ മാറ്റിയെടുക്കേതു്. അമിതവില കൊടുത്ത് കാലിത്തീറ്റയെ ആശ്രയിക്കേി വരുന്നത് മൂലം ഈ മേഖല കനത്ത വെല്ലുവിളി നേരിടുന്നു.

നെൽകൃഷി

മൊത്തം വിസ്തൃതിയുടെ 32.35 ശതമാനം ഏകദേശം 721 ഹെക്ടർ നിലം ഇപ്പോൾ നെൽകൃഷിക്ക് ഉപയോഗിച്ചു വരുന്നു. നവീന കൃഷിരീതി അവലംബിക്കാതെ നാടൻ വിത്തിനങ്ങൾ തന്നെയാണ് ഇപ്പോഴും കർഷകർക്ക് താൽപ്പര്യം. പലപ്പോഴും ഒരു പാടശേഖരത്തിൽ തന്നെ വ്യത്യസ്തങ്ങളായ വിത്തിനങ്ങളാണ് ഉപയോഗിച്ചു വരുന്നത്. കൃഷി രീതിയിലും വിത്തിറക്കുന്ന സമയത്തിലും ഒരു ഏകീകൃത പഞ്ചായത്ത് തലത്തിൽ അംഗീകാരം നൽകി വരുന്നു. കുട്ടികളുടെ പരീക്ഷാക്കാലത്ത് അവർക്ക് വേ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളിലും അടിസ്ഥാന സൗകര്യങ്ങൾ ഉങ്കിലും സ്മാർട് അങ്കണവാടികളാക്കി മാറ്റണം എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികൾക്ക് ആവശ്യമാ പോഷ കാഹാരങ്ങളും വിതരണം ചെയ്തു വരുന്നു. അങ്കണവാടികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിക്കേതു്.

പൊതുജനാരോഗ്യം

പുത്തൻചിറ പഞ്ചായത്തിൽ പൊതുജനാരോഗ്യം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുങ്കെിലും ഇനിയും ആധുനികമായ സംവിധാനങ്ങൾ ഏർപ്പെടുത്തേതു്. പുത്തൻചിറയിൽ 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും 3 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. വെള്ളൂർ മാതൃശിശു കേന്ദ്രം പ്രവർത്തനസജ്ജമാണ്. ഒരു ആയുർവേദ ആശുപത്രിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും, ഒരു വെറ്ററിനറി ഡിസ്പെൻസറിയും പഞ്ചായത്തിന്റെ ഘടക സ്ഥാപനമായി പ്രവർത്തിക്കുന്നു. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കൂടുതൽ രോഗികൾ ഈ ഡിസ്പെൻസറിയെ ആശ്രയിച്ച് വരുന്നു. ഡിസ്പെൻസറികൾക്ക് ആവശ്യമായ മരുന്നുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുകയും അവ പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാവുകയും ചെയ്യുന്നു്.

പഞ്ചായത്തിൽ സ്വകാര്യ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ജീവിതശൈലീരോഗങ്ങൾ, വിഷമയമായ ഭക്ഷണപദാർത്ഥങ്ങളുടെ ഉപയോഗം, ലഹരി-മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം, ശുചിത്വ പാരിസ്ഥിതിക മാലിന്യ പ്രശ്നങ്ങൾ, വിദഗ്ദ ഡോക്ടർമാരുടെ അഭാവം എന്നിവ വെല്ലുവിളികളാണ്. ക്യാൻസർ, രക്തരോഗം, ഹൃദ്രോഗം മുതലായ അസുഖങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലായി കു വരുന്നു. ക്യാൻ തൃശൂർ പോലുള്ള പദ്ധതികൾ വഴി രോഗനിർണ്ണയം നടത്തുന്നതിനും, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആ വി ഷ് ക രി ക്കേ തു് .

ശുചിത്വ പരിപാലനം

പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ വിവിധ വർഷങ്ങളിലെ പദ്ധതികൾ ഉൾപ്പെടുത്തി പഞ്ചായത്തിലെ 100 ശതമാനം വീടുകൾക്കും കക്കൂസ് നിർമ്മിച്ച് സമ്പൂർണ്ണ വെളിയിട വിസർജ്ജനമു വിമുക്ത ഗ്രാമമായി മാറിയിട്ടു്. പ്ലാസ്റ്റിക് മാലിന്യങ്ങളാണ് മറ്റൊരു അപകടകാരി. പഞ്ചായത്തിന്റെ നീരൊഴുക്കുള്ള തോടുകളിലും മറ്റും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതിന് അറുതി വരുത്തുവാൻ ഒരു പരിധി വരെ സാധിച്ചിട്ടു്. വീടുകളിൽ എത്തിച്ചേരുന്ന പ്ലാസ്റ്റിക് കവറുകളും മറ്റും ഹരിതകർമ്മസേനയെ ഉപയോഗപ്പെടുത്തി ശേഖരിച്ചു വരുന്നു്. 28 ഹരിതകർമ്മസേനാംഗങ്ങൾ ഇതിനായി സജ്ജമാണ്. ശേഖരിച്ച മാലിന്യങ്ങൾ ശേഖരിച്ചുവക്കുന്നതിനായി എം.സി.എഫും., എം.സി.എഫി.ലേക്ക് മാലിന്യങ്ങൾ എത്തിക്കുന്നതിനായി ഹരിതകർമ്മസേനക്ക് വാഹനവും ഏർപ്പെടുത്തിയിട്ടു്. ശേഖരിച്ച മാലിന്യങ്ങൾ അംഗീകൃത ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരുന്നു്.

കുടിവെള്ളം

മുഖ്യ കുടിവെള്ള സ്രോതസ്സുകളായ കിണറുകളും, കുളങ്ങളും, പഞ്ചായത്തിലെ സ്വകാര്യ കിണറുകളെ കൂടാതെ പൊതുകിണറുകളും പൊതുകുളങ്ങളും ഉ്. കുടിവെള്ള വിതരണം ജലനിധി വഴിയാണ് നടത്തിവരുന്നത്. എങ്കിലും രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ധാരാളമു്. കുടിവെള്ള സ്രോതസ്സുകളായ കണ്ണൻകുളം, കുന്നത്തേരി കുളം, കുറ്റിക്കാട്ടുകുളം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ സാധിച്ചിട്ടു്. വേനലക്കാലത്ത് രൂക്ഷമായ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി ടെർ വിളിച്ച് നടപടികൾ സ്വീകരിച്ചിട്ടു്.

വ്യവസായം

പുത്തൻചിറ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ഭൂരിഭാഗം ആളുകളും കൃഷിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നു. വ്യവസായ സംരംഭങ്ങളുടെയും സംരംഭകരുടെയും എണ്ണം വളരെ പരിമിതമാണ്. വിദ്യാസമ്പന്നരും ടെക്നിക്കൽ മേഖലയിൽ പരിശീലനം സിദ്ധിച്ചവരും ധാരാളം ഉങ്കിലും വ്യവസായ സംരംഭകരുടെ എണ്ണം വർദ്ധിക്കുന്നില്ല. പരമ്പരാഗത വ്യവസായവും അതോടൊപ്പം ആധുനിക വ്യവസായങ്ങളും ചെറിയ തോതിൽ ഉ്. സഹകരണ മേഖലയിൽ കെ.കരുണാകരൻ സ്പിന്നിംഗ് മില്ലും പ്രവർത്തിച്ചു വരുന്നു.

തികച്ചും കാർഷിക ഗ്രാമമായ പുത്തൻചിറയിൽ എടുത്തു പറയത്തക്ക വിധത്തിൽ വ്യവസായങ്ങൾ ഒന്നുംതന്നെയില്ല അത് കൊുതന്നെ അത്തരത്തിലുള്ള ഒരു മനോഭാവവും ജനങ്ങളിൽ വളർന്നിട്ടില്ല. ഇതിൽനിന്നും സമൂലമായ മാറ്റം അനിവാര്യമാണ്. ബോധപൂർവമായി ഒരു വ്യാവസായിക അന്തരീക്ഷം ഇവിടെ സൃഷ്ടിക്കപ്പെടേതു്. കൃഷിയോടൊപ്പം വ്യവസായവും വളരും എന്ന് ബോധവൽക്കരിക്കുന്നതിനായി ക്ലാസുകൾ, സെമിനാറുകൾ, ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം. ചെറുകിട വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവരും വിജയം കൈവരിച്ചവരുമായി സമ്പർക്കമുാക്കാനും അവരുടെ അനുഭവങ്ങൾ കൈമാറാനുള്ള അവസരമുാക്കണം. സ്ഥല പരിമിതി, സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, ലോൺ ലഭ്യമാകുന്നതിനുള്ള തടസ്സം എന്നിവ പ്രധാന വെല്ലുവിളികളാണ്.

ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസന സാധ്യത എന്നത് ആ പ്രദേശത്തേക്കുള്ള ഗതാഗത സൗകര്യമാണ്. 3 വശങ്ങളും ജലാശയങ്ങളായതിനാൽ ജലമാർഗ്ഗമുള്ള ഗതാഗതമായിരുന്നു ഇവിടെ നിലനിന്നിരുന്നത്. തച്ചപ്പിള്ളിയിൽ നിന്നും, കോട്ടപ്പുറം, പറവൂർ, എറണാകുളം ഭാഗങ്ങളിലേക്ക് ബോട്ട് സർവ്വീസുകൾ ുായിരുന്നു. കരിങ്ങാച്ചിറയിൽ നിന്നും മാളയിലേക്ക് കടത്തുവഞ്ചിയുായിരുന്നു. കാർഷികോൽപ്പന്നങ്ങൾ വിപണനത്തിനായി ചന്തയിലേക്ക് കൊുപോയിരുന്നതും നിർമ്മാണ സാമഗ്രികൾ കൊുവന്നിരുന്നതും വഞ്ചിയിലായിരുന്നു. ഇപ്പോൾ പറയൻതുരുത്ത്, ചെകുത്താൻ തുരുത്ത് എന്നിവിടങ്ങളിലേക്ക് മാത്രമേ ജലമാർഗ്ഗം ആശ്രയിക്കേതുള്ളൂ. പുത്തൻചിറ പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളേയും ബന്ധപ്പെടുത്തി നിരവധി റോഡുകൾ ഉ്. എങ്കിലും ആവശ്യമായ അറ്റകുറ്റ പണികൾ നടത്തേതു്. ഏതാനും പുതിയ റോഡുകളും ആവശ്യമു്. വിവിധ പദ്ധതികളിലെ ഫുകൾ ഉപയോഗപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിക്കുകയും ശോചനീയാവസ്ഥയിലുള്ള റോഡുകൾ അറ്റകുറ്റപണികൾ നത്തി വരികയും ചെയ്യുന്നു്.

ഊർജ്ജം

ഏത് വികസനത്തിന്റെയും ചാലകശക്തി ഊർജ്ജമാണ്. വിവിധ ഊർജ്ജ സ്രോതസ്സുകൾ മനുഷ്യൻ വികസിപ്പിച്ചെടുത്തിട്ടു്. വനങ്ങൾ നശിക്കുകയും, എണ്ണക്കിണറുകൾ വറ്റുകയും, കൽക്കരി ഖനികൾ ഒഴിയുകയും ചെയ്യുന്ന കാലം അതിവിദൂരമല്ല.

പഞ്ചായത്തിലെ വൈദ്യുതി ഗാർഹികം, വ്യാപാരം, കാർഷികം, എന്നീ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. വൈദ്യുതി ഉപയോഗത്തിൽ വേത്ര ശ്രദ്ധ ചെലുത്തി ഉപയോഗത്തിന്റെ അളവ്

കുറക്കുവാൻ കഴിയണം. വാട്സ് കൂടിയ ബൾബുകൾക്ക് പകരമായി വാട്സ് കുറഞ്ഞ ബൾബുകളുടെ ഉപയോഗം കൂട്ടുന്നതിന് പ്രചാരണം കൊടുക്കണം.

പുത്തൻചിറ പഞ്ചായത്തിൽ ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി സോളാർ പാനലുകൾ സ്ഥാപിച്ചിട്ടു്. 2023-24 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങൾക്ക് സൗരഗാർഹിക വിളക്ക് എന്നൊരു പുതിയ പദ്ധതി ഏറ്റെടുക്കുകയും ചെയ്തിട്ടു്. പഞ്ചായത്തിൽ നിലവിൽ 17 ട്രാൻസ്ഫോമറുകൾ ഉ്. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഒന്നുംതന്നെയില്ല. തെരുവുവിളക്കുകൾ കത്തിക്കുന്നതിനായി പ്രതിമാസം 80,000 രൂപ ചെലവഴിച്ചുവരുന്നു. നാട്ടുവെളിച്ചം പദ്ധതി നടപ്പിലാക്കി സമ്പൂർണ്ണ വെളിച്ചഗ്രാമമാക്കി മാറ്റുകയാണ് ലക്ഷ്യം.

സാമൂഹ്യക്ഷേമം

സാംസ്കാരികമായി ഏറെ മുന്നിലും സാമ്പത്തികമായി ഏറെ പിന്നിലും നിൽക്കുന്ന പഞ്ചായത്താണ് പുത്തൻചിറ. സാമൂഹ്യക്ഷേമ രംഗത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ച് ദാരിദ്ര്യരേഖക്ക് താഴെയുള്ള ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് കൊുവരുന്നതിന് കഴിഞ്ഞിട്ടു്. സർക്കാരിന്റെ പുതിയ പദ്ധതി പ്രകാരം വിവിധ മാനദണ്ഡങ്ങൾ പാലിച്ചുകൊ് സമൂഹത്തിന്റെ ഏറ്റവും താഴെക്കിടയിൽ കിടക്കുന്ന ജനങ്ങളെ അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സഹായങ്ങൾ നൽകി വരുന്നു്.

പട്ടികജാതി വിഭാഗങ്ങൾ, വനിതകൾ, ഭിന്നശേഷിക്കാർ, വിധവകൾ, വയോജനങ്ങൾ, മത്സ്യതൊഴിലാളികൾ തുടങ്ങിയ വിവിധ തരത്തിലുള്ളവർക്ക് പഞ്ചായത്തിൽ നിന്നും, മറ്റ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ ലഭിച്ചുവരുന്നു. കൂടാതെ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം എന്നിങ്ങനെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വാർഷിക പദ്ധതിയിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു്.

നമ്മുടെ പഞ്ചായത്തിൽ നാലായിത്തോളം വനിതകൾ 223 കുടുംബശ്രീകളിലായി പ്രവർത്തിക്കുന്നു. ഒരു വനിത സഹകരണസംഘം, ജെ.എൽ.ജി ഗ്രൂപ്പുകൾ, ജാഗ്രതാസമിതി എന്നിവയും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. കാര്യമായി വനിതസംരംഭങ്ങൾ ഇല്ലാത്തത് സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്തിന് തടസ്സം നിൽക്കുന്നു. വനിതസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകി വരുന്നു. വനിത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം, പട്ടികജാതിവനിതകൾക്ക് സ്വയംതൊഴിലിന് ടൂവീലർ, ജനറൽ വനിതകൾക്ക് സ്വയംതൊഴിലിന് ടൂവീലർ എന്നിങ്ങനെ വിവിധതരം പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു്. പുത്തൻചിറ പഞ്ചായത്തിൽ ഏകദേശം 675 പട്ടികജാതി കുടുംബങ്ങളു്. ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയു്. വരുമാനദായകരായ ഭൂരിഭാഗം കുടുംബങ്ങളും സാധാരണ കൂലിപ്പണിക്കാരോ നിർമ്മാണ തൊഴിലാളികളോ ആണ്. ആവശ്യമായ കുടിവെള്ളം ലഭ്യമാകായ്ക, ഭവനം ഇല്ലായ്മ, വീടിന്റെ ശോചനീയാവസ്ഥ എന്നിവ പ്രശ്നങ്ങളാണ്. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത നിരവധി കുടുംബങ്ങൾ പഞ്ചായത്തിൽ ഉ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പഞ്ചായത്ത് ഓഫീസ്

പൊതുജനങ്ങൾക്ക് നൽകേ സേവനങ്ങളും രേഖകളുടെ സൂക്ഷിപ്പും കാര്യശേഷിയും വർദ്ധിപ്പിച്ചതിന്റെ ഫലമായി ഐ.എസ.ഒ സർട്ടിഫിക്കേഷൻ ലഭിച്ചു. പെൻഷൻ അപേക്ഷകൾ, വിവിധ രജിസ്ട്രേഷൻ, ജനന മരണ സർട്ടിഫിക്കറ്റുകൾ, ബിൽഡിംഗ് ടാക്സ് അടവാക്കൽ എന്നിവക്ക് ഓൺലൈൻ സംവിധാനം ഒരുക്കി പഞ്ചായത്തിലെ പൊതുരേഖകളും മറ്റും ആധുനികരീതിയിൽ സൂക്ഷിക്കത്തക്ക വിധത്തിലുള്ള റെക്കോർഡ് റൂം സജ്ജമാക്കേതു്. പഞ്ചായത്തിലേക്ക് ലഭിക്കേതായിട്ടുള്ള നികുതികൾ 100 ശതമാനവും പിരിച്ചെടുക്കുവാൻ നികുതിദായകരുടെ അകമഴിഞ്ഞ സഹകരണം കൊ് കഴിഞ്ഞ 3 വർഷം കൊ് സാധിച്ചിട്ടു്. എങ്കിലും തനത് വരുമാനം വർദ്ധിപ്പിക്കേിയിരിക്കുന്നു. പഞ്ചായത്ത് ഓഫീസിൽ ഇൻഫർമേഷൻ കൗർ, ഫ്രേ ഓഫീസ്, ഐ എൽ ജി എം എസ് മുഖേനയുള്ള ഫയൽ ട്രാക്കിംഗ്, ജീവനക്കാരുടെ കുറവ്, സാങ്കേതിക വിദ്യയുടെ പോരായ്മകൾ, സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ എന്നിവയാണ് പ്രധാന പോരായ്മകൾ. പഞ്ചായത്തിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളുമായുള്ള സാങ്കേതികമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്തേതു്.

സംസ്കാരം

സ്വാതന്ത്ര്യം ലഭിക്കും മുമ്പേ രാജഭരണകാലത്ത് പഞ്ചായത്തിൽ പുത്തൻചിറ ഗ്രാമീണ വായനശാല എന്ന പേരിൽ വായനശാല പ്രവർത്തിച്ചിരുന്നു. ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. പഞ്ചായത്ത് വായനശാലയും പ്രവർത്തിച്ചു വരുന്നു. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സാക്ഷരതാ പ്രവർത്തനങ്ങൾക്കും ഈ ഗ്രന്ഥശാലകൾ കാര്യമായ പങ്കു വഹിക്കുന്നു. ഗ്രന്ഥശാലകൾക്ക് പുറമേ പഞ്ചായത്തിൽ നിരവധി കലാകായിക ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വളരെ ചുരുക്കം ക്ലബ്ബുകൾക്ക് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ.

300-ൽപരം അന്തേവാസികൾ അല്ലലില്ലാതെ കഴിയുന്ന ഒരു ആശാകേന്ദ്രം (സദനം) ആ പഞ്ചായത്തിന്റെ 5-ാം വാർഡിൽ നിലകൊള്ളുന്നു. ജാതിമതവർഗ്ഗ ഭേദമന്യേ ഉത്സവങ്ങളും പെരുന്നാളുകളും ആഘോഷിച്ചു വരുന്നു. പുത്തൻചിറയുടെ ഐതിഹ്യവുമായി ബന്ധപ്പെട്ടു കിടക്കുന്ന പാറമേൽ തൃക്കോവിൽ കൃഷ്ണസ്വാമി ക്ഷേത്രം പ്രധാനപ്പെട്ടവയിൽ ഒന്നാണ്. തൃപ്പേക്കുളം ശിവക്ഷേത്രം, പകരപ്പിള്ളി ശ്രീധർമ്മ ശാസ്ത ക്ഷേത്രം, കൊമ്പത്തുകടവ് ഭഗവതി ക്ഷേത്രം ഇവ പ്രാധാന്യമർഹിക്കുന്ന ക്ഷേത്രങ്ങളാണ്. കേരളത്തിലെ അപൂർവ്വം തൃച്ചക്ര പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ ഒന്നാണ് പുത്തൻചിറയിലെ തൃച്ചക്രപുരം ക്ഷേത്രം. മാണിയംകാവ് ക്ഷേത്രോത്സവം ജനങ്ങൾ ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു.

പുരാതന മുസ്ലീം ദേവാലയങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്നത് പടിഞ്ഞാറേ മഹല്ല് ജുമാ മസ്ജിദും കിഴക്കേ മഹല്ല് ജുമാ മസ്ജിദുമാണ്.

തൃശൂർ രൂപതയിലെ പുരാതന ദേവാലയങ്ങളിൽ ഒന്നാണ് പുത്തൻചിറ ഫൊറോന പള്ളി. ഇവിടുത്തെ അമ്പ് തിരുനാളും ചിങ്ങം 5 ലെ പൂത്തിരി തിരുനാളും പ്രധാന ആഘോഷങ്ങളാണ്. കൊമ്പത്തുകടവ് സെന്റ് സേവ്യേഴ്സ് ദേവാലയവും പ്രധാനപ്പെട്ടതാണ്. പുത്തൻചിറയ്ക്ക് ലോകഭൂപടത്തിൽ ഇടം നൽകിയ മദർ മറിയംത്രേസ്യയുടെ ജന്മസ്ഥലവും കിഴക്കുംമുറി സെന്റ് ജോസഫ് ദേവാലയവും കുടികൊള്ളുന്നത്

പുത്തൻചിറയിലാണ്. പുത്തൻചിറയിലെ യുവാക്കളെ ഒത്തൊരുമിച്ചുകൊ് നടത്തുന്ന കേരളോത്സവം സാമൂഹ്യ സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.

ടൂറിസം

പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ പകുതിയിൽ അധികം കായൽ പ്രദേശങ്ങളാണ്. പരിസ്ഥിതി സന്തുലനത്തിന് അത്യന്താപേക്ഷികമായ കൽക്കാടുകൾ നമ്മുടെ പഞ്ചായത്തിന്റെ തച്ചപ്പിള്ളി ഭാഗത്ത് നിലനിൽക്കുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. കേരളത്തിന്റെ സാമ്പത്തിക വികസനത്തിനും തൊഴിൽ ലഭ്യതക്കും ടൂറിസം മേഖലയ്ക്ക് ഗണ്യമായ സ്വാധീനമു്. പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ ടൂറിസം മേഖലയ്ക്ക് അനന്ത സാധ്യതകളു്. കരിങ്ങാച്ചിറയിൽ സ്ഥിതി ചെയ്യുന്ന പഴയ പോലീസ് സ്റ്റേഷൻ, അഞ്ചലാപ്പീസ്, ചുമടുതാങ്ങികൾ എന്നിങ്ങനെ വൈവിധ്യമാർന്ന ചരിത്രാവശിഷ്ടങ്ങൾ നമുക്ക് സ്വന്തമാണ്. നമ്മുടെ കായൽപ്പരപ്പും, സ്മാരകങ്ങളും, കൽക്കാടുകളും ചരിത്രാവശിഷ്ടങ്ങളും കോർത്തിണക്കികൊുള്ള സമഗ്രമായ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകേതു്. വൻതോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഈ പദ്ധതിക്ക് സാധ്യമാകുന്നതാണ്. ഇതുമൂലം കുറഞ്ഞത് നമ്മുടെ ജനസംഖ്യയുടെ 5 ശതമാനം പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

അദ്ധ്യായം 2

നടപ്പ് വാർഷിക പദ്ധതി അവലോകനം

1992 ഡിസംബർ മാസത്തിൽ ഇന്ത്യൻ പാർലിമെന്റിൽ പാസായ 73, 74 ഭരണഘടന ഭേദഗതിയോടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വയംഭരണ അധികാരം ലഭ്യമായത്. തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ കീഴിൽ ത്രിതല പഞ്ചായത്തുകളെ കൂടാതെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ ഭരണഘടന സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 1996 ഭാരതത്തിൽ ആദ്യമായി അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത് കേരളത്തിലാണ്.

ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലം മുതലാണ് ആരംഭിക്കുന്നത്. ജനകീയാസൂത്രണ പ്രക്രിയയിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഓരോ വാർഡുകളിലും ആവശ്യമായി വരുന്ന പദ്ധതികൾ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മൊത്തം പദ്ധതി തുകയുടെ 35 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി മാറ്റി വയ്ക്കുന്നു. കഴിഞ്ഞ പതിമൂന്നാം പഞ്ചവത്സരക്കാലത്ത് തയ്യാറാക്കിയ പദ്ധതികളിലൂടെ ചിലവഴിച്ച തുകയുടെ ഫലപ്രാപ്തി പരിശോധിക്കുമ്പോൾ നിരവധി നേട്ടങ്ങൾക്കൊപ്പം ഏതാനും കോട്ടങ്ങളും കാണാതിരുന്നുകൂടാ. 40% തുക ഉൽപ്പാദനമേഖലയിൽ ചെലവഴിച്ചിട്ടും ചില നെൽപ്പാടങ്ങൾ ഇന്നും തരിശായി കിടക്കുകയാണ്. വാഴ, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉായിട്ടുങ്കിലും ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്താൻ ഇനിയും കുറെ പോകേതു്. മറ്റ് തൊഴിൽ മേഖല തേടി പോകുന്നത് കൃഷിയിൽ നിന്നുള്ള ആദായക്കുറവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കാർഷികമേഖലയെ ബാധിച്ചിട്ടു്.

ക്ഷേമ പരിപാടികളായ പെൻഷൻ സമ്പൂർണ്ണമായി നടപ്പിലാക്കുവാനും അതിദരിദ്ര സർവ്വേ നടത്തുന്നതിനും വാതിൽപ്പടി സേവനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടു്.

വിദ്യാഭ്യാസരംഗത്ത് പഠനനിലവാരം ഉയർത്തൽ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, അനുപൂരക പോഷകാഹാര വിതരണം, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം, ഓഫീസ് സംവിധാനങ്ങളിൽ നിന്നും സേവന ലഭ്യത മെച്ചപ്പെടുത്തൽ എന്നിവ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം, സ്ഥലം എന്നീ പദ്ധതികൾ നടപ്പിലാക്കി. എന്നാൽ ഇ.എം.എസ്. പാർപ്പിട പദ്ധതി പോലുള്ള സമഗ്രമായ ഒരു പദ്ധതിയുടെ അഭാവം സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചിട്ടു്. സാനിറ്റേഷൻ സൗകര്യങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നീ മേഖലകളിൽ മെച്ചപ്പെട്ട സേവനം നൽകുവാൻ കഴിഞ്ഞിട്ടു്.

മഴവെള്ളം സംഭരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയെ മാത്രം ആശ്രയിക്കുന്നത് മൂലം ജലസമൃദ്ധി നിലനിർത്താൻ പൂർണ്ണമായും സാധ്യമായിട്ടി്. എല്ലാ വിഭാഗം ജനങ്ങളും മഴവെള്ള സംഭരണം നടത്തിയാൽ മാത്രമേ ഇനിയുള്ള കാലങ്ങളിൽ ജലസ്രോതസ്സുകളിൽ ജലം ലഭ്യമാകൂ.

പശ്ചാത്തല മേഖലയിൽ ഒട്ടേറെ വികസനങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുങ്കിലും ചില പദ്ധതികളിൽ ദീർഘവീക്ഷണമില്ലാതെ ഫുകൾ ചെലവഴിക്കുന്ന പ്രവണത മാറ്റേതു്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ആസ്തി വികസനവും വിദഗ്ദ തൊഴിലാളികളുടെ സേവനവും വിനിയോഗിക്കപ്പെടാതെ പോയിട്ടു്.

വാഴ, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉായിട്ടുങ്കിലും ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്താൻ ഇനിയും ബഹുദൂരം നാം സഞ്ചരിക്കേതു്. എന്നാൽ ജാതികൃഷിയുടെ ഉൽപ്പാദനരംഗത്ത് വൻകുതിപ്പ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടു്. മറ്റ് തൊഴിൽ മേഖലയിലേക്കുള്ള കുടിയേറ്റം കൃഷിയിൽ നിന്ന് ലഭിക്കുന്ന ആദായകുറവ്, ഇത് മൂലം ഉാകുന്ന തൊഴിലാളികളുടെ ലഭ്യതകുറവ് എന്നിവ കാർഷിക മേഖലയെ ബാധിച്ചിട്ടു്. മാനസിക സംതൃപ്തിക്കായി മാത്രം കാർഷികവൃത്തി ചെയ്യുന്ന സ്ഥിതിക്ക് മാറ്റം വരുത്തേതു്.

സമഗ്ര ക്ഷേമപരിപാടികളിൽ സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കാൻ കഴിഞ്ഞതടക്ക മുള്ള നിരവധി ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടു്.

അദ്ധ്യായം 3

പ്രശ്നവിശകലനങ്ങളും പരിഹാരമാർഗ്ഗങ്ങളും

കൃഷി

പുത്തൻചിറ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും മുഖ്യ ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ മേഖലയും ആണ്. എന്നാൽ വിവിധ കാരണങ്ങളാൽ കാർഷികരംഗം ജീവിതമാർഗ്ഗമായി കൊു നടക്കാൻ പറ്റാത്ത അവസ്ഥയിലാണ്. കാർഷികമേഖലയിൽ ഭൂമിയുടെ പരിവർത്തനം മൂലം ഉാകുന്ന

പ്രശ്നത്തിന് പരിഹാരമായി മേലിൽ ഒരു ഇഞ്ച് ഭൂമിയും ഇടിക്കുകയും നിലം നികത്തുന്നത് തടയുകയും വേണം. പരിവർത്തനം നടന്ന സ്ഥലത്ത് മത്സ്യകൃഷിയും, കുടിവെള്ള സംഭരണവും നടത്തേതു്. കാർഷിക കർമ്മസേന ശക്തപ്പെടുത്തി ലേബർ ബാങ്കായി മാറ്റാവുന്ന സംവിധാനം ഏർപ്പെടുത്തണം. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം ശക്തിപ്പെടുത്തണം. ഇറിഗേഷൻ വകുപ്പുകളെ ബന്ധപ്പെടുത്തി വിരിപ്പ് മുകൻ, പുഞ്ചകൃഷിയുള്ള സ്ഥലങ്ങൾ ജലസേചനം ലഭ്യമാക്കണം. ഇതിലൂടെ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കപ്പെടും. ജൈവ വളങ്ങളും, കീടനാശിനികളും കാർഷിക കേന്ദ്രങ്ങൾ വഴി പഞ്ചായത്ത് തലത്തിൽ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തണം. ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനായി പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആഴ്ച ചന്ത നടക്കേതു്.

പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
2. ജൈവവളത്തിന്റെ ദൗർലഭ്യവും വളം കീടനാശിനി എന്നിവയുടെ വിലവർദ്ധനവും
3. വർദ്ധിച്ച കൂലിചെലവും വിദഗ്ദ തൊഴിലാളികളുടെ അഭാവവും
4. തരിശ് ഭൂമിയുടെ വ്യാപ്തി
5. ഉൽപ്പന്നങ്ങൾക്കുള്ള വിപണിയുടെ അഭാവവും വിലക്കുറവും
6. രോഗ കീടബാധയും വളർച്ച മുരടിപ്പും
7. രോഗപ്രതിരോധത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ അഭാവം

പരിഹാര സാധ്യതകൾ

1. പുതിയ ജലസേചന പദ്ധതികൾ (നെയ്തക്കുടി ചുങ്കം പുഞ്ചപ്പാടം ലിഫ്റ്റ് ഇറിഗേഷൻ) നടപ്പാക്കുക.
2. നിലവിലുള്ള കുളങ്ങൾ, തോടുകൾ, ചാലുകൾ എന്നിവയുടെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ആഴം വർദ്ധിപ്പിക്കുക.
3. പഞ്ചായത്തിനകത്തുള്ള ജൈവമാലിന്യങ്ങൾ വ്യക്തിഗതമായും, കൂട്ടമായും സംസ്കരിച്ച് വളമാക്കി മാറ്റുക.
4. വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് കൂടുതൽ സബ്സിഡി അനുവദിക്കുക.
5. പരിശീലനം സിദ്ധിച്ച വിദഗ്ധ തൊഴിലാളികളുടെ ഡയറക്ടറി ഉാക്കി സേവനം കർഷകർക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സൗകര്യം ഒരുക്കുക.
6. തൊഴിലുറപ്പ്, കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് പ്രോത്സാഹനം നൽകുക.
7. പഞ്ചായത്ത് തലത്തിൽ കാർഷിക ചന്ത നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുക. വിളകൾക്ക് സംരക്ഷിത വില നൽകുക.
8. കൃഷിവകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പരിശീലനം ലഭിച്ച തൊഴിലാളികളെ രോഗപ്രതിരോധ മേഖലയിൽ വിന്യസിക്കുക.

അത്യുൽപ്പാദന ശേഷിയുള്ള നാടൻ കന്നുകുട്ടികളെ ലഭ്യമാക്കി കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ നാടൻ കാലിത്തീറ്റകൾ ലഭ്യമാക്കുന്ന പ്രൊജക്ടുകൾ ഉാക്കണം. ആട്, കോഴി എന്നിവയുടെ സുരക്ഷിതത്വത്തിന് തെരുവുനായ ശല്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ക്ഷീരവികസന സംഘങ്ങളെ

ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ തന്നെ ശുദ്ധമായ പാൽ വിതരണത്തിനുള്ള ആധുനിക പാൽ വിപണന യൂണിറ്റുകൾ രൂപീകരിക്കുക.

പ്രശ്നങ്ങൾ

1. അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ ലഭ്യതക്കുറവ്.
2. കാലിത്തീറ്റയുടെ വിലവർദ്ധനവും ഗുണനിലവാര തകർച്ചയും
3. തീറ്റപ്പുൽകൃഷിയുടെ അഭാവം
4. ഇൻഷൂറൻസ് പദ്ധതിയുടെ പരിമിതി
5. വർഷക്കാലത്തുള്ള ചാണകത്തിന്റെ വിപണിയില്ലായ്മ.
6. അലഞ്ഞ് തിരിയുന്ന തെരുവ് നായ്ക്കൾ.
7. മികച്ച ജനുസ്സുകളുടെ ലഭ്യതക്കുറവ്.
8. അസുഖങ്ങളുടെ വ്യാപ്തി.
9. മികച്ച ചികിത്സ സൗകര്യങ്ങളുടെയും മരുന്നുകളുടെയും അഭാവം.

പരിഹാര സാധ്യതകൾ

1. നല്ലയിനം കിടാരികളെ ലഭ്യമാക്കുക.
2. പോത്ത്, ആട്, കോഴി കൃഷി പ്രോത്സാഹിപ്പിക്കുക.
3. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് സഹായം നൽകുക. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുക.
4. നിലവാരമുള്ള കാലിത്തീറ്റ കൂടുതൽ സബ്സിഡി നൽകി കർഷകർക്ക് എത്തിക്കുക.
5. എല്ലാ മൃഗങ്ങൾക്കും വളർത്തു പക്ഷികൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കുക.
6. ചാണക സംസ്കരണ യൂണിറ്റുകൾ വ്യവസായ അടിസ്ഥാനത്തിൽ നടപ്പാക്കുക.
7. മികച്ച കർഷകരെ ആദരിക്കുക.
8. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുക.
9. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റുകളും എഗ്ഗർ നഴ്സറികളും സ്ഥാപിക്കുക.
10. നാടൻ പശുക്കൾക്ക് സബ്സിഡി കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കുക.

മത്സ്യബന്ധനം

മത്സ്യ ഉൽപ്പാദനത്തിന് ഭീഷണിയായ അടങ്കൽകൊല്ലി വലകൾ പരിപൂർണ്ണമായി നിരോധിക്കണം. പരമ്പരാഗത മീൻപിടുത്ത മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വലകൾ ലഭ്യമാക്കണം. ഇവരുടെ മക്കൾക്ക് പഠനസാമഗ്രികൾ ലഭ്യമാക്കണം.

പ്രശ്നങ്ങൾ

1. ഉൾനാടൻ മത്സ്യകൃഷിക്ക് പ്രോത്സാഹനം ഇല്ല.
2. മത്സ്യ വിപണനത്തിന് പൊതുവായ സംവിധാനം ഇല്ല.
3. അത്യുൽപ്പാദനശേഷിയുള്ള മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.

പരിഹാര സാധ്യതകൾ

1. ഉൾനാടൻ മത്സ്യകൃഷിക്ക് യോജിച്ച ജലാശയങ്ങൾ (കുളം, തോട്, കായലുകൾ) കുപിടിച്ച് സംരംഭകർക്ക് പ്രോത്സാഹനവും പരിശീലനവും നൽകുക.
2. ശുദ്ധജല മത്സ്യകൃഷി, ചെമ്മീൻകൃഷി, കല്ലുമ്മക്കായ കൃഷി, ആറ്റുകക്ക കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക.
3. മത്സ്യ-മാംസ വിപണനത്തിന് വേി ആധുനിക മാർക്കറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

ആരോഗ്യം

ആരോഗ്യമേഖലയിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. സബ് സെന്ററുകൾ കൂടുതൽ ജനകീയമാക്കണം. സ്കൂൾ ആരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് വിദഗ്ദർ ഉൾപ്പെടുന്ന പ്രത്യേക സമിതി രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ആയുർവേദം, സി.എച്ച്.സി, ഹോമിയോ എന്നിവിടങ്ങളിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, ഭിന്നലിംഗക്കാർ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, ഗുരുതരരോഗം ബാധിച്ചവർ, എച്ച്.ഐ.വി. ബാധിതർ, അഗതികൾ, കിടപ്പുരോഗികൾ, യാചകർ, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ പരിഗണിക്കും. ബഡ്സ് സ്കൂൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ പ്രാവർത്തികമാക്കും. പ്ലാസ്റ്റിക് വേസ്റ്റ്, റീസൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കും. പ്ലാസ്റ്റിക്കിന് സമ്പൂർണ്ണ നിരോധനം കൊു വരും.

പശ്നങ്ങൾ

1. സി.എച്ച്.സി.യിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സക്കുന്നതിനുള്ള സംവിധാനം ഇല്ല.
2. മരുന്നുകളുടെ വില വർദ്ധനവ്.
3. ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ്
4. ശുചിത്വം പാലിക്കുന്നതിലുള്ള ശ്രദ്ധക്കുറവ്
5. കൊതുക്, എലി, തെരുവ് നായ്ക്കൾ, കുറുക്കൻ എന്നിവയുടെ ശല്യം വർദ്ധിക്കുന്നു.
6. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

പരിഹാര സാദ്ധ്യതകൾ

1. സി.എച്ച്.സി യിൽ സർക്കാർ ഇടപെടലോടെ കിടത്തി ചികിത്സക്ക് നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തുക.
2. ജൻ ഔഷധി പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.

3. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, യോഗ ക്ലാസ്സുകൾ, രോഗനിർണ്ണയ ക്യാമ്പുകൾ എന്നിവ ആരംഭിക്കുക.
4. ജനങ്ങളെ കർമ്മനിരതരാക്കാൻ പ്രോത്സാഹിപ്പിക്കുക.
5. ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. ശുചിത്വം പാലിക്കപ്പെടുന്നതിനുള്ള പരിശോധനകൾ വർദ്ധിപ്പിക്കുക.
6. കൊതുക്, എലി നിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക. തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുകയും കുറുനരി മുതലായവയെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് മാറ്റുകയും ചെയ്യുക.

കുടിവെള്ളം, ശുചിത്വം

കാലവർഷത്തിൽ ലഭിക്കുന്ന വെള്ളം ശരിയാംവണ്ണം സംഭരിച്ച് ഉപയോഗിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്ത് ജലസമൃദ്ധമായ ഒരു പഞ്ചായത്ത് ആയി മാറും. ധാരാളം ചതുപ്പുനിലങ്ങളും, തോടുകളും, കുളങ്ങളും കിണറുകളും ഉായിരുന്നിട്ടും കടുത്ത വേനലിൽ കുടിവെള്ളത്തിന് വേി മറ്റ് സംവിധാനങ്ങളെ ആശ്രയിക്കേതായി വരുന്നു. ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരിക്കുകയും വർഷക്കാലത്ത് പരമാവധി ജലം ഒഴുക്കിക്കളയുകയും ചെയ്യുന്നു. പുത്തൻചിറ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി നേരിടുന്ന പ്രദേശങ്ങളുൺ്. പിാണി, പ്രൊജക്ട് കുന്ന്, പുളിയിലക്കുന്ന് മുതലായ സ്ഥലങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി നേരിടുന്നു. ഇതിനെ ചെറുക്കാനായി ടെർ ക്ഷണിച്ച് കുടിവെള്ള വിതരണം നടത്തി വരുന്നു.

പ്രശ്നങ്ങൾ

1. കടുത്ത വേനൽക്കാലത്ത് ജലദൗർലഭ്യം രൂക്ഷമാണ്.
2. ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം.
3. ഉപ്പുവെള്ളം കയറി ജലസ്രോതസ്സുകൾ മലിനമാക്കുന്നത്.
4. ആവശ്യത്തിന് കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥ
5. മഴവെള്ളം സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത
6. എല്ലാ വീടുകളിലും മാലിന്യസംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത.
7. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങളും കോഴിഫാമുകളിൽ നിന്നുള്ള മാലിന്യങ്ങളും പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നത്.
8. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം.

പരിഹാര സാധ്യതകൾ

1. ഭൂഗർഭ ജലസംവിധാനം ഉയർത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കുക.
2. ജലജീവൻ മിഷൻ പദ്ധതികൾ കാര്യക്ഷമമാക്കുക.
3. ജല ഗുണനിലവാര പരിശോധനക്കുള്ള സൗകര്യം നടപ്പാക്കുക.
4. നെയ്തക്കുടി-ചുങ്കം പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പാക്കുക.
5. പൊതുകിണറുകൾ, കുളങ്ങൾ സംരക്ഷിക്കുക. കൂടുതൽ നിർമ്മിക്കുക.

6. കുഴൽകിണറുകൾ പ്രോത്സാഹിപ്പിക്കാതിരിക്കുക.
7. ജലനിധിയുടെ കുടിവെള്ള വിതരണ സംവിധാനം കുറ്റമറ്റതാക്കുക.
8. മഴവെള്ളം പൂർണ്ണമായും പാഴാക്കാതെ സംഭരിക്കുന്നതിനും വേനൽക്കാലങ്ങളിൽ ഉപയോഗിക്കുന്നതിനും കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

പ്രാദേശിക സാമ്പത്തിക വികസനം

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നിലവിൽ കാര്യമായ വ്യവസായ സംരംഭങ്ങൾ ഇല്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജനങ്ങളുടെ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുന്നതിനും, വനിതകൾക്കും അവശ വിഭാഗങ്ങൾക്കും സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ കൂടിയേ തീരൂ. പരിസ്ഥിതി സൗഹൃദവും മലിനീകരണ മുക്തവുമായ വ്യവസായങ്ങളാണ് നമുക്ക് അഭികാമ്യം

പ്രശ്നങ്ങൾ

1. സാമ്പത്തിക സ്രോതസ്സുകളുടെ പരിമിതി.
2. സാങ്കേതിക ജ്ഞാനത്തിന്റെ കുറവ്.
3. തൊഴിൽ നൈപുണ്യം ഉള്ളവരുടെ കുറവ്
4. തൊഴിൽ സംരംഭകത്വ മനോഭാവം ഇല്ലായ്മ.
5. മൂലധനം സ്വരൂപിക്കാനുള്ള ബുദ്ധിമുട്ട്.
6. സംരംഭകർക്കാവശ്യമായ ശേഷിവികസന പരിശീലനങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

1. കൈതോല, മുള എന്നിവ ഉപയോഗിച്ച് കൊുള്ള പരമ്പരാഗത തൊഴിൽ നൈപുണ്യശേഷികൾ പുനർജീവിപ്പിക്കുക.
2. നമ്മുടെ തനതായ കാർഷിക വിഭവങ്ങൾ ഉപയോഗിച്ചുകൊുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
3. തൊഴിൽ നൈപുണ്യ ശേഷി വികസനത്തിനും സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിനും ഉതകുന്ന പ്രവർത്തന പരിചയ ക്ലാസുകൾ സംഘടിപ്പിക്കുക.
4. വിവിധ മേഖലകളിൽ നൈപുണ്യമുള്ള പ്രവാസികളെ ചെറുസംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹിപ്പിക്കുക.
5. വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ വിവരങ്ങളും, ധനശേഖരണമാർഗ്ഗങ്ങളും, സർക്കാർ വകുപ്പിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ, മറ്റ് അവശ്യവിവരങ്ങൾ എന്നിവ ലഭിക്കുന്നതിന് ഏകജാലക വിവര വിനിമയ സംവിധാനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.
6. സഹകരണ ബാങ്കുകൾ, ഷെഡ്യൂൾഡ്-ദേശസാൽകൃത ബാങ്കുകൾ എന്നിവയുമായി ചർച്ച ചെയ്ത് സംരംഭകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക.
7. വ്യവസായ പാർക്കുകളോ മിനി എസ്റ്റിമേറ്റുകളോ സ്ഥാപിക്കുക.
8. ഐ.ടി. മേഖലയുടെ വ്യവസായം തുടങ്ങുന്നതിന് പാർക്ക് ആരംഭിക്കുക.

പൊതുമരാമത്ത്

പഞ്ചായത്തിലെ പൊതുഗതാഗത സംവിധാനം മുഖ്യമായും സ്വകാര്യബസ് സർവീസുകളെയും ഓട്ടോറിക്ഷ, ടാക്സി സർവ്വീസുകളെയും ആണ് ആശ്രയിക്കുന്നത്. മാള, നടവരമ്പ്, കുഴയി, കൊമ്പത്തുകടവ് എന്നീ റ് മുഖ്യ പാതകളും ഏറ്റവും പുതിയ സാങ്കേതിക അറിവുകൾ ഉപയോഗിച്ച് പുനർനിർമ്മിക്കുന്ന പ്രവർത്തനം പൂർത്തിയായിക്കൊിരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ റോഡുകൾക്ക് പലയിടത്തും കാന ഇല്ല.
2. ഓട്ടോറിക്ഷകൾ, ടാക്സി, ടെമ്പോ, തുടങ്ങിയവക്ക് പാർക്കിംഗ് സൗകര്യം കുറവ്.
3. ആവശ്യമുള്ള എല്ലായിടത്തും ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളും ടോയ്ലറ്റുകളും ഇല്ല.

പരിഹാര സാധ്യതകൾ

1. റോഡുകൾക്ക് ഇരുവശവും സാഹചര്യങ്ങൾക്ക് യോജിച്ച രീതിയിൽ കാനകൾ നിർമ്മിക്കുക.
2. കൂടുതൽ വെള്ളക്കെട്ടുള്ള ഇടങ്ങളിൽ റോഡുകൾ ടൈൽ വിരിക്കണം.
3. റോഡുകളുടെ വശങ്ങൾ കോൺക്രീറ്റ് ഉപയോഗിച്ച് കെട്ടി സുരക്ഷിതമാക്കണം.
4. പൊതുവാഹനങ്ങൾക്ക് തിരക്കുള്ളയിടങ്ങളിൽ പാർക്കിംഗ് സൗകര്യം ഒരുക്കണം.
5. ആവശ്യമുള്ളയിടങ്ങളിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കണം.
6. ടേക് എ ബ്രേക് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ടോയ്ലറ്റുകളും, വിശ്രമകേന്ദ്രങ്ങളും ലഘുഭക്ഷണശാലകളും ഒരുക്കണം.

മാലിന്യസംസ്കരണം

പഞ്ചായത്തിൽ പൂർണ്ണമായും മാലിന്യമുക്തമായ അന്തരീക്ഷം ഉാകണം. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കിക്കണം എന്നതാണ് നമ്മുടെ നയം. ഒരു കാരണവശാലും ഇവ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് അനുവദിക്കുവാൻ പാടില്ല പത്തുസെന്റിൽ താഴെ മാത്രം ഭൂമി ഉള്ളവർക്ക് ജൈവമാലിന്യ സംസ്കരണത്തിനുള്ള അംഗീകൃത സംവിധാനം/ഉപകരണങ്ങൾ വിതരണം ചെയ്യണം. അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് തുടങ്ങിയവ പഞ്ചായത്ത് തലത്തിൽ സംഭരിച്ച് ഇനങ്ങൾ തിരിച്ച് വിൽക്കുന്നതിന് ക്ലീൻ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടു്. വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മസേനക്ക് രൂപം നൽകിയിട്ടു്. നിലവിൽ 28 പേർ ഹരിതകർമ്മ സേനയിൽ അംഗങ്ങളായിട്ടു്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ഈടാക്കി വരുന്നു്. ശേഖരിക്കുന്ന മാലിന്യങ്ങൾ സംഭരിച്ചു വെക്കുന്നതിന് എം.സി.എഫ്. സജ്ജമാണ്. മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫി.ൽ കൊുവരികയും അവ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരികയും ചെയ്തു വരുന്നു.

പ്രശ്നങ്ങൾ

1. പൊതുജനങ്ങൾ പൊതു ഇടങ്ങളിലും പൊതു ജലസ്രോതസ്സുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നു.
2. ഹരിതകർമ്മസേനക്ക് അജൈവമാലിന്യങ്ങൾ കൈമാറുന്നതിന് വിമുഖത കാണിക്കുന്നു.

പരിഹാര സാധ്യതകൾ

1. ഹരിതകർമ്മസേനക്ക് അജൈവമാലിന്യങ്ങൾ കൈമാറുന്നതിന് വിമുഖത കാണിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.
2. പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് പൂർണ്ണമായും നിരോധിച്ച് ഇതിന് വലിയ പിഴ ഈടാക്കുക.
3. സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച് മാലിന്യം നിക്ഷേപിക്കുന്നവരെ കുപിടിച്ച് പിഴ ഈടാക്കുക.
4. മാലിന്യരഹിത ഗ്രാമം രൂപപ്പെടുത്തുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തുക.

വിദ്യാഭ്യാസം

1. എല്ലാ ക്ലാസ് റൂമുകളും ആധുനിക നിലവാരത്തിലേക്ക് എത്തിയിട്ടില്ല എന്നത് പോരായ്മയാണ്.
2. നിശ്ചിത ഇടവേളകളിൽ അദ്ധ്യാപക പരിശീലനത്തിന്റെ കുറവ്
3. കായികരംഗത്ത് മതിയായ സൗകര്യങ്ങളില്ല.

പരിഹാര സാധ്യതകൾ

1. ക്ലാസ്സ് റൂമുകൾ ആധുനിക ഇരിപ്പിടങ്ങളോടെ ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് മെച്ചപ്പെടുത്തുക.
2. കൃത്യമായ ഇടവേളകളിൽ അധ്യാപക പരിശീലനം ഉറപ്പ് വരുത്തുക.
3. ആധുനിക കളിസ്ഥലങ്ങൾ, കോർട്ടുകൾ എന്നിവ സ്ഥാപിക്കുക. ഒരു സ്കൂളിലെങ്കിലും സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുക.

പൊതുമരാമത്ത്

പ്രശ്നങ്ങൾ

1. കുന്നിടിക്കലും നിലം നികത്തലും
2. ആവാസ വ്യവസ്ഥയിലുാകുന്ന മാറ്റം
3. അതിതീവ്ര മഴ, കടുത്ത വരൾച്ച
4. ജല ദൗർലഭ്യം

5. പരിസ്ഥിതി നാശം
6. മലിനീകരണം
7. പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണം.
8. വിദേശ സസ്യ ജന്തു വർഗ്ഗങ്ങളുടെ അധിനിവേശം
9. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അറിവില്ലായ്മ.

പരിഹാരസാധ്യതകൾ

1. സാമൂഹ്യ വനവൽക്കരണം
2. സ്വകാര്യ വനവൽക്കരണം, കാവുകൾ വളർത്തൽ
3. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക
4. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത ഉപയോഗം നിയന്ത്രിക്കുക
5. കിണർ റീച്ചാർജ്ജിംഗ്
6. ദുരന്തനിവാരണസേനയെ സജീവമാക്കുക
7. കുന്നിടിക്കലും നിലംനികത്തലും നിരോധിക്കുക.

അദ്ധ്യായം 4

വികസന കാഴ്ചപ്പാട് ലക്ഷ്യങ്ങൾ

പഞ്ചായത്തിൽ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുകയും, സുതാര്യമായ ഭരണ സംവിധാനത്തിലൂടെ, പൂർണ്ണമായും ജനപങ്കാളിത്തത്തോടെ സമഗ്രമായ വികസനം ഉറപ്പാക്കുകയും ആണ് നമ്മുടെ ഭരണസമിതിയുടെ കാഴ്ചപ്പാട്. അഴിമതിരഹിതമായി സമാധാന അന്തരീക്ഷത്തിൽ സമഗ്രമായ വികസനത്തിന് ഭരണസമിതി നേതൃത്വം നൽകി വരുന്നു. ജാതി മത, രാഷ്ട്രീയ, ലിംഗഭേദമന്യേ എല്ലാവരെയും ഉൾപ്പെടുത്തിക്കൊുള്ള സാകല്യമായ വികസനമാണ് നമ്മുടെ ലക്ഷ്യം. എല്ലാവർക്കും ആവശ്യമായ ജീവനോപാധികൾ ലഭ്യമാക്കുക എന്നതാണ് ഈ നീതിയുടെ അടിസ്ഥാന ശില. നടപ്പാക്കുന്ന പദ്ധതികളെല്ലാം പരിസ്ഥിതി സൗഹാർദ്ദപരമാണെന്ന് ഉറപ്പാക്കും.

കാർഷികമേഖലയിൽ വലിയ മാറ്റങ്ങളാണ് വിഭാവനം ചെയ്യപ്പെടുന്നത്. പഞ്ചായത്തിനെ പൂർണ്ണമായും തരിശുരഹിതമാക്കുകയാണ് പ്രഥമ ലക്ഷ്യം. നെൽപ്പാടങ്ങളിൽ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂവും, ഇരുപ്പൂ നിലങ്ങളിൽ മുപ്പൂവും കൃഷി ചെയ്യുന്നത് സാധ്യമാക്കാൻ ശ്രമിക്കും. മറ്റിടങ്ങളിൽ ഇടവിളകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉള്ള പദ്ധതികൾ നടപ്പാക്കും. കുടുംബശ്രീ, സഹകരണ സംഘങ്ങൾ വഴി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത വസ്തുക്കളാക്കി വിപണനം ചെയ്യും.

കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ സഹകരണ മേഖലയുടെ സഹായത്തോടെ ചന്തകൾ ആരംഭിക്കും. സർക്കാർ നിശ്ചയിച്ച അടിസ്ഥാന വില കർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തും. തൊഴിലുറപ്പ് മേഖലയിലെ 50 ശതമാനം ജോലികളും മണ്ണ് ജലസംരക്ഷണ കാർഷിക ജോലികൾക്കായി പ്രയോജനപ്പെടുത്തും. നല്ല വെള്ളം, ശുദ്ധവായു, വിഷരഹിതഭക്ഷണം എന്ന ലക്ഷ്യം കൈവരിക്കും. കൂടുതൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കും. പച്ചക്കറി, പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ ഗ്രാമം 10 വർഷം കൊ് സ്വയംപര്യാപ്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. മത്സ്യകൃഷി വ്യാപകമാക്കും. 5 വർഷം കൊ് ജൈവകാർഷികരീതി വ്യാപകമാക്കും. ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് 2 ഹെക്ടറിൽ താഴെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകും. നെല്ല് കുത്തി അരിയാക്കി വിതരണം ചെയ്യുന്ന സ്വയം സഹായ ഗ്രൂപ്പുകളും കാർഷിക ഗ്രൂപ്പുകളും ജെ.എൽ.ജി ഗ്രൂപ്പുകളും ആരംഭിക്കും. കാർഷിക ഉൽപ്പന്ന വിപണനത്തിനും സംഭരണത്തിനും സംസ്കരണത്തിനും വിപണനചന്തകൾ സ്ഥാപിക്കും.

പരിസ്ഥിതി സംരക്ഷണത്തിനും വനവൽക്കരണത്തിനും ഹരിതസമ്പത്തും പദ്ധതിയും ഹരിത സമൃദ്ധിയും കൂടുതൽ ശക്തവും വ്യാപകവുമാക്കും. പാട്ടകൃഷിയും കരനെൽകൃഷിയും നടത്തുന്ന കുടുംബശ്രീ ഗ്രൂപ്പുകൾ വികസിപ്പിക്കും. ഭക്ഷ്യ ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ വിപണനം ചെയ്യുന്ന കമ്പനികൾ കാർഷിക രംഗത്ത് വളർത്തികൊുവരും. പഞ്ചായത്തിലെ 15 കിലോ മീറ്ററോളം വരുന്ന തോടുകൾ നിലവിലുള്ളത് ആഴം വർദ്ധിപ്പിച്ചും പുതിയതായി നിർമ്മിച്ചും നല്ല വെള്ളം സംഭരിക്കാൻ വലിയ പദ്ധതികൾ ആവിഷ്കരിക്കും. കർഷകർക്ക് നൽകുന്ന വിത്ത്, ജൈവവളം, കുമ്മായം എന്നിവക്കുള്ള സബ്സിഡി തുടരുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും. കുളങ്ങളും കിണറുകളും നിലവിലുള്ളത് ആഴം വർദ്ധിപ്പിക്കുകയും പുതിയവ വ്യാപകമായി നിർമ്മിക്കുകയും ചെയ്യും. കാർഷിക കർമ്മസേനയെ കൃഷിക്കാരുടെ അടുത്ത മിത്രമാക്കി മാറ്റിയെടുക്കും. വ്യവസായ മേഖലയിൽ ചെറുകിട വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കും. ജെ.എൽ.ജി, എസ്.എച്ച്.ജി കുടുംബശ്രീ സംരംഭങ്ങൾ വഴി ഓരോ വീട്ടിലും ഒരു സംരംഭം എന്ന ലക്ഷ്യത്തിന് വേി പ്രയത്നിക്കും. അങ്ങനെ കൂടുതൽ തൊഴിലവസരങ്ങളും വരുമാന വർദ്ധനവും സാധ്യമാകും. കൂടുതൽ കുടുംബങ്ങളെ ദാരിദ്ര്യ രേഖക്ക് മുകളിൽകൊുവരാൻ ഈ നടപടികൾ സഹായിക്കും. ഇങ്ങനെ ഉാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വ്യാപകമായി വിപണനം ചെയ്യുന്നതിന് യോജിച്ച സംവിധാനം ഒരുക്കും. വിപണിയും ന്യായവിലയും ഉറപ്പാക്കും.

മത്സ്യകുളങ്ങൾ വ്യാപകമാക്കും. മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും കോട്ടം തട്ടുന്ന എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കും. മത്സ്യ ക്ലബ്ബുമായി സഹകരിച്ച് ഓരുജല മത്സ്യകൃഷിയും ശുദ്ധജല മത്സ്യകൃഷിയും ശക്തമാക്കും. പരമ്പരാഗത മത്സ്യത്തൊഴിലാലികൾക്ക് വലയും അവരുടെ കുട്ടികൾക്ക് പഠനോപകരണങ്ങളും നൽകും.

റോഡുകളുടെ പുനരുദ്ധാരണം ഒരു തുടർ പ്രവൃത്തിയാണെന്നിരിക്കെ അനുവാദം ലഭിച്ച പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കും. പുതിയ റോഡുകൾ ആവശ്യമായിടത്തെല്ലാം നിർമ്മിക്കും. ഇക്കാര്യത്തിൽ കാർഷികമേഖലയുടെ ആവശ്യത്തിന് മുൻഗണന നൽകും.

എല്ലാവർക്കും കുടിവെള്ളമെത്തിക്കും. മഴവെള്ളസംഭരണത്തിനും ഭൂഗർഭജല പുനരുജ്ജീവനത്തിനും ഊന്നൽ നൽകും. സാധ്യമായിടങ്ങളിൽ തടയണകൾ നിർമ്മിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ 1 ലക്ഷം മഴക്കുഴികൾ നിർമ്മിക്കും. 150 കുളങ്ങളും 1000 കിണറുകളും 5 വർഷം കൊ് പൂർത്തീകരിച്ച് വെള്ളം സംഭരിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ബി.പി.എൽ.കാർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സബ്സിഡി അടിസ്ഥാനത്തിലും മുഴുവൻ കിണറുകളും റീചാർജ്ജ് ചെയ്യും.

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് ആവശ്യമായതെല്ലാം ചെയ്യും. എസ്.എസ്.എൽ.സിക്ക് 100 ശതമാനം വിജയം ഉറപ്പാക്കും. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കും. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തും. അവർക്ക് തൊഴിൽ പരിശീലനം നൽകും. കാർഷികമേഖലയുമായി സംയോജിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങളും പദ്ധതികളും നടപ്പാക്കും.

പട്ടികജാതിയിൽപ്പെട്ട ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തും. അവർ കൂടുതൽ താമസിക്കുന്ന കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. അവർക്ക് പൂർണ്ണമായും വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ഉറപ്പാക്കും. സ്വയംതൊഴിൽ സംരംഭകത്വ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകും. ഫുപയോഗം 100 ശതമാനം ഉറപ്പു വരുത്തും. നമ്മുടെ പഞ്ചായത്ത് ഒരു സ്ത്രീസൗഹൃദ പഞ്ചായത്ത് ആക്കി മാറ്റും. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പ്രാധാന്യം നൽകും. എല്ലാ സ്ത്രീകൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുവാൻ കുടുംബശ്രീ രംഗത്ത് പുതിയ പദ്ധതികൾക്ക് രൂപം നൽകും. പരമ്പരാഗത തൊഴിലുകൾ പുനരുജ്ജീവിപ്പിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയാൻ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

കന്നുകാലി വളർത്തൽ, മുട്ടക്കോഴി എന്നിവക്ക് വായ്പാ ബന്ധിത പ്രൊജക്ടുകൾ കൊുവരും. പ്രവാസികളുടെ പുനരുദ്ധാരണത്തിന് പ്രത്യേക തൊഴിൽപദ്ധതി ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കും. സ്കൂൾ ആരോഗ്യ പരിപാടിയും പാലിയേറ്റീവ് കെയറും ഊർജ്ജിതപ്പെടുത്തി സബ്സെന്ററുകളുടെയും ഗ്രാമകേന്ദ്രങ്ങളുടെയും പ്രവർത്തനം ഊർജ്ജിതമാക്കും. എല്ലാവർക്കും എന്നും കുടിവെള്ളം എന്ന മുദ്രാവാക്യം ഉയർത്തി പ്രാദേശിക കുടിവെള്ള പദ്ധതി ഉാക്കും. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന യൂണിറ്റുകൾ സർക്കാർ ഏജൻസികൾ വഴി സ്ഥാപിക്കും. സാക്ഷരതാ പ്രവർത്തനത്തിന് സമയബന്ധിതമായ രൂപരേഖ തയ്യാറാക്കി നടപ്പാക്കും.

പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. വിദ്യാഭ്യാസ രംഗത്ത് നവകേരള മിഷന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. തൊഴിൽ സംരംഭക സെമിനാർ സംഘടിപ്പിച്ച് വ്യാപാരി വ്യവസായികളുടെയും പ്രവാസികളുടെയും സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകും. സ്വയംതൊഴിൽ സംരംഭകത്വ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകും.

ഭൂമിയും വീടും ഇല്ലാത്തവർക്ക് വീടൊരുക്കുക എന്ന ദൗത്യമാണ് ലൈഫ് പദ്ധതി വഴി സാക്ഷാത്കരിക്കുന്നത്. ഇനിയും ഗൃഹരഹിതരുടെ അപേക്ഷകൾ പൂർത്തീകരിക്കാനാകാതെ നമ്മുടെ മുമ്പിലു്. ഇവർക്കെല്ലാം മുൻഗണന അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചു നൽകുക എന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. അനുവദിച്ചു കിട്ടുന്ന ഫിന്റെ നിർദിഷ്ടമായ വിഹിതം ഈ ഇനത്തിലേക്ക് നീക്കി

വച്ച് സമയബന്ധിതമായി എല്ലാവർക്കും വീടുകൾ നൽകുക എന്ന കാര്യത്തിൽ പഞ്ചായത്ത് പ്രതിജ്ഞാ ബദ്ധമാണ്. എല്ലാവർക്കും സുരക്ഷിതഭവനം എന്ന ലൈഫ് പദ്ധതി നടപ്പിലാക്കും. പണമില്ലാതെ പൂർത്തീകരിക്കാത്ത മുഴുവൻ വീടുകളും പണി പൂർത്തീകരിക്കും. ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകും. പൊതുടോയ്‌ലറ്റുകൾ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്ഥാപിക്കും. എല്ലാ ക്ലബ്ബുകൾക്കും സ്പോർട്സ് കിറ്റുകൾ നൽകും.

നമ്മുടെ പഞ്ചായത്ത് ഒരു സ്ത്രീ സൗഹൃദ പഞ്ചായത്ത് ആക്കി മാറ്റും. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പ്രാധാന്യം നൽകും. എല്ലാ സ്ത്രീകൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുവാൻ കുടുംബശ്രീ രംഗത്ത് പുതിയ പദ്ധതികൾക്ക് രൂപം നൽകും. പരമ്പരാഗത തൊഴിലുകൾ പുനരുജ്ജീവിപ്പിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ തടയാൻ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തും.

വയോജന ക്ഷേമത്തിന് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കും. അലോപ്പതിയോടൊപ്പം ആയുർവേദ ചികിത്സ, ഹോമിയോ ചികിത്സ, സൗജന്യമരുന്നു വിതരണം, പെയിൻ പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് ഊന്നൽ നൽകും.

പുത്തൻചിറയുടെ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കും. പഞ്ചായത്തിന്റെ ചുറ്റുമുള്ള കായൽ പ്രദേശം ഉൾപ്പെടുത്തിയുള്ള സമഗ്രമായ ടൂറിസം വികസനപദ്ധതി രൂപീകരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കും. ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുന്നതോടെ ഹോംസ്റ്റേ സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കും. പഞ്ചായത്തിൽ ടൂറിസം മേഖലയിൽ അഞ്ചു വർഷംകൊ് നേരിട്ടുള്ള ആയിരം തൊഴിലവസരങ്ങളാണ് ലക്ഷ്യം. കൂടാതെ നേരിട്ടല്ലാതെ മറ്റൊരു ആയിരം പേർക്ക് കൂടെ തൊഴിൽ ലഭിക്കും.

പൊതുഭരണം തീർത്തും സുതാര്യവും അഴിമതിരഹിതവും ആക്കും. സർക്കാർ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളിലൂടെ പ്രവർത്തന ഭാരം ലഘൂകരിച്ച് സേവനവേഗത ഉറപ്പാക്കും. ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളോടുള്ള പ്രതിബദ്ധത കൂട്ടുന്നതിന് ബോധവൽക്കരിക്കും. കലാകായിക രംഗത്ത് ആശാവഹമായ മാറ്റങ്ങൾ നടപ്പാക്കും. വികസനരംഗത്ത് ഉയർന്ന ജനപങ്കാളിത്തം ആണ് ജനകീയാസൂത്രണത്തിന്റെ അടിത്തറ. ഇതിനു വേി കൂടുതൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഉദ്യോഗസ്ഥർക്ക് പൊതുജനങ്ങളോടുള്ള പ്രതിബദ്ധത കൂട്ടുന്നതതിന് ബോധവൽക്കരിക്കും.

കലാകായികരംഗത്ത് ആശാവഹമായ മാറ്റങ്ങൾ നടപ്പാക്കും. മൃഗസംരക്ഷണമേഖലയെ ഉപയോഗ പ്പെടുത്തുന്നതിനും കർഷകരുടെ അസൗകര്യങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും വേി മൊബൈൽ ആശുപത്രി ആരംഭിക്കണം. പുത്തൻചിറയുടെ പൊതുസമൂഹത്തിന് മൃതദേഹം സംസ്കരിക്കുന്നതിന് ഇപ്പോൾ ഒരു പൊതുസംവിധാനം ഇല്ലാത്തതിനാൽ ഈ പോരായ്മ പരിഹരിക്കുന്നതിന് ഒരു പൊതു ശ്മശാനം ഏറ്റവും ആധുനിക സൗകര്യങ്ങളോട് കൂടി ആരംഭിക്കണം. കാർഷികമേഖല സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ നീങ്ങുമ്പോഴും പഞ്ചായത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു പൊതുമാർക്കറ്റ് ആരംഭിക്കണം.